## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 260 — 28.06.2016 ൽ മറുപടിയ്ക്ക്

### വട്ടവിളയിൽ സപ്ലൈകോ സൂപ്പർ മാർക്കറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ആൻസലൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര മണ്ഡലത്തിൽ ചെങ്കൽ പഞ്ചായത്തിലെ വട്ടവിളയിൽ സപ്ലൈകോയുടെ ഒരു സൂപ്പർ മാർക്കറ്റ് ആരംഭിക്കണമെന്ന ചെങ്കൽ പഞ്ചായത്തിന്റെ പ്രമേയത്തിന്മേൽ എന്ത് തീരുമാനം കൈക്കൊണ്ടു എന്ന് വ്യക്തമാക്കാമോ; | (എ) | ചെങ്കൽ പഞ്ചായത്തിലെ വട്ടവിളയിൽ പുതിയ സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തിരുവനന്തപുരം റീജിയണൽ മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | റേഷൻ ഷോപ്പ്, മാവേലി സ്റ്റോറുകൾ, മറ്റ് ന്യായവില ഷോപ്പുകൾ എന്നിവയിൽ അവശ്യ സാധനങ്ങളുടെ ലഭ്യതക്കുറവിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ? | (ബി) | കേന്ദ്രത്തിൽ നിന്ന് പൊതുവിതരണത്തിന് ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ നോർമൽ വിഹിതം മാത്രമുപയോഗിച്ച് സംസ്ഥാനത്തിലെ ബി.പി.എൽ. എ.പി.എൽ വിഭാഗങ്ങളിലെ കാർഡുകൾക്ക് നിശ്ചയിച്ചിട്ടുള്ള വിഹിതം നൽകുന്നതിന് കഴിയാത്തതിനാൽ അധിക വിഹിതം കൂടി ആവശ്യപ്പെട്ട് ആയത് ലഭ്യമാക്കിയാണ് നിലവിൽ റേഷൻ വിതരണം നടത്തുന്നത്.<br><br>സപ്ലൈകോയുടെ എല്ലാ വിൽപ്പനശാലകളിലും അവശ്യ സാധനങ്ങൾ ആവശ്യത്തിന് ലഭ്യമാക്കുന്നതിനുള്ള സ്റ്റോക്ക് എല്ലാ ഡിപ്പോകളിലും സൂക്ഷിക്കാറുണ്ട്. എല്ലാ മാവേലി സ്റ്റോറുകളിലും അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി താഴെപ്പറയുന്ന നടപടികൾ എടുത്തു വരുന്നു.<br><br>(1) കൂടുതൽ നിത്യോപയോഗ സാധനങ്ങൾ ശേഖരിക്കുന്നതിനായി കുറഞ്ഞത് 500 ച. അടിയെങ്കിലും വിസ്തീർണ്ണമുള്ള സൗകര്യപ്രദമായ കെട്ടിടങ്ങളിലാണ് പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്. സ്ഥലക്കുറവുള്ള മാവേലി സ്റ്റോറുകളിൽ കൂടുതൽ സ്ഥല സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>(2) സ്ഥല സൗകര്യം കുറഞ്ഞ വിൽപ്പന ശാലകളിൽ കൂടുതൽ തവണ സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നു.<br>(3) മുൻ മാസങ്ങളിലെ വിൽപ്പന, കഴിഞ്ഞ വർഷം ഇതേ മാസങ്ങളിലെ വിൽപ്പന, ഉൽസവ സീസൺ മുതലായവ കണക്കിലെടുത്ത് എല്ലാ വിൽപ്പന ശാലകളിലും ആവശ്യത്തിന് അവശ്യ സാധനങ്ങൾ എത്തിച്ചു |

കൊടുക്കുവാൻ എല്ലാ ഡിപ്പോകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(4) സപ്ലൈകോയുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗപ്പെടുത്തി ആവശ്യ സാധനങ്ങൾ എത്രയും വേഗം വിൽപ്പനശാലകളിലെത്തിക്കാൻ എല്ലാ ഡിപ്പോ മാനേജർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(5) ആവശ്യമായ സമയങ്ങളിൽ ഒരു ഡിപ്പോയിൽ നിന്നും മറ്റ് ഡിപ്പോകളിലേയ്ക്കും സാധനങ്ങൾ എത്തിച്ചുകൊടുക്കുവാനുള്ള നിർദ്ദേശം എല്ലാ മേഖലാ മാനേജർമാർക്കും നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ